بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 10/06/2016

**(04 RAMADAN 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## TAHAJJUD IN RAMADAN / റമദാനിലെ തഹജ്ജൂദ്.

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം റമദാനിലെ തഹജ്ജൂദ് എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു. അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വെള്ളിയാഴ്ച ആരംഭിച്ച ഖുത്തുബയുടെ ബാക്കി ഭാഗം തുടരുകയാണ്. സർവ്വശക്തനായ അല്ലാഹു പറയുന്നു. **"എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം, (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നൽകും, അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട്, അവൻ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനു വേണ്ടി"** (2:187) ദീർഘ വ്യാഖ്യാനം ആവശ്യമായ ഒരു വചനമാണിത്. സർവ്വശക്തനായ അല്ലാഹു നമ്മുടെ (അവന്റെ സേവകരുടെ) സമീപത്തെത്തുന്ന ഒരു സമയമാണിതെന്ന് നമുക്ക് പറയുവാൻ കഴിയും. നമ്മുടെ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നൽകുവാൻ തയ്യാറായിരിക്കുന്ന ഒരു സമയമാണിത്. എന്നാൽ ഇതിന് വ്യവസ്ഥയില്ലാതെയില്ല. ഈ ദൈവീക വാഗ്ദാന പൂർത്തീകരണത്തിന് ചില വ്യവസ്ഥകൾ അംഗീകരിക്കേണ്ടതുണ്ട്. ഒരുവൻ അല്ലാഹു പറയുന്നത് ശ്രദ്ധിക്കണം. (അവനെന്താണ് പറയുന്നതെന്ന് ശ്രദ്ധിക്കണം) അവനെ അനുസരിക്കണം, അവനിൽ വിശ്വാസം ഉണ്ടായിരിക്കണം. ഈ വ്യവസ്ഥകൾ നാം പൂർത്തീകരിച്ചാൽ, സർവ്വശക്തനായ അല്ലാഹു നമ്മുടെ ദു ആയ്ക്ക് ഉത്തരം നൽകുവാൻ തയ്യാറാണ്.

ഇതിന്റെ അറിവിലേയ്ക്കായി, റമദാന്റെ അനുഗ്രഹങ്ങളും, പ്രയോജനങ്ങളും, നേട്ടങ്ങളും സംബന്ധമായി ഏറ്റവും കൂടുതൽ അറിവ് സ്വായത്തമാക്കിട്ടുള്ള നമ്മുടെ പ്രിയ പ്രവാചകൻ (സ) യുടെ ചില ഹദീസുകൾ ഞാൻ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്. നസാഇയിൽ, കിതാബ് സൗമിൽ, ഹസ്രത് അബ്ദുർ റഹുമാനിബ്നു ഔഫ് (റ) റിപ്പോർട്ട് ചെയ്യുന്നു. ഹസ്രത് മുഹമ്മദ് (സ) റമദാൻ മാസത്തെ അനുസ്മരിച്ചു കൊണ്ട് പറഞ്ഞു. മാസങ്ങളിൽ വച്ച് ശ്രേഷ്ഠമാസം റമദാനാകുന്നു. അദ്ദേഹം തുടർന്നു. റമദാൻ മാസത്തിൽ ഒരാൾ ഈമാനോട് കൂടി ജീവിച്ചാൽ, നിഷ്കളങ്ക ഹൃദയത്തോടെ ജീവിച്ചാൽ, പ്രതിഫലേച്ഛയോടെ ജീവിച്ചാൽ, ദൈവീകാരാധന വർധിപ്പിച്ചാൽ, ആ വ്യക്തി എല്ലാ പാപങ്ങളിൽ നിന്നും മുക്തനാകുന്നതാണ്. അവൻ പുനർജനിച്ചതുപോലെ പരിശുദ്ധനായി തീരുന്നു. ഓരോ റമദാനും നമ്മുടെയെല്ലാം പുനർജനന ശുഭവാർത്തയുമായാണ് സമാഗതമാകുന്നത്. സർവ്വശക്തനായ അല്ലാഹു നമുക്ക് വേണ്ടി നിർദ്ദേശിച്ചതനുസരിച്ച് നാം റമദാൻ മാസത്തിൽ ജീവിക്കുകയാണെങ്കിൽ, മുഹമ്മദ് (സ) നമുക്കായി പറഞ്ഞു തന്ന വ്യവസ്ഥകൾ പരിപാലിച്ചാൽ, ഓരോ വർഷം പിന്നിടുമ്പോഴും, നമുക്കൊരു ആത്മീയ പുനർജനനം സംഭവിക്കുകയും, നമ്മുടെ എല്ലാ പാപങ്ങളും നീങ്ങിപോകുകയും ചെയ്യുന്നതാണ്.

മറ്റൊരു ഹദീസിൽ, ബുഖാരിയിൽ രേഖപ്പെടുത്തിയിരിക്കുന്നു, കിതാബു സൗമിൽ, റമദാൻ മാസത്തിന്റെ ശ്രേഷ്ഠത സംബന്ധമായി! അബൂഹുറൈറ (റ) വിവരിക്കുന്നു. മുഹമ്മദ് (സ) പറഞ്ഞു. ഒരാൾ ഈമാനോടുകൂടി പ്രതിഫലേച്ഛയോടുകൂടി, റമദാൻ മാസത്തിന്റെ രാത്രികളിൽ അദ്ദേഹം ഉണരുകയും നമസ്ക്കരിക്കുകയും ചെയ്താൽ, അവന്റെ എല്ലാ പാപങ്ങളും മാപ്പാക്കപ്പെടുന്നതാണ്.

ഈ രണ്ടു ഹദീസുകൾ തമ്മിൽ ഒരു വ്യത്യാസം നാം കാണുന്നു. ഒന്നാമത്തെ ഹദീസിൽ, പൊതുവായ ആരാധനയെക്കുറിച്ചാണ് പറഞ്ഞത്. അതായത് വിശ്വാസത്തോടെയും നിഷ്കളങ്കതയോടെയും ഒരാൾ

ഇബാദത്തു ചെയ്താൽ, അയാൾക്ക് ഒരു പുതു ആത്മീയ ജിവിതം ലഭ്യമാകുന്നതാണ്. രണ്ടാമത്തെ ഹദീസിൽ തഹജ്ജുദ് നമസ്ക്കാരത്തെ പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നു. റമദാന്റെ രാത്രികളിൽ, ഒരു വിശ്വാസി ഉണർന്നു പ്രാർത്ഥിച്ചാൽ, അവന്റെ പാപങ്ങളെല്ലാം മാപ്പാക്കപ്പെടുന്നതാണ്. റമദാന് തഹജ്ജുദ് നമസ്ക്കാരവുമായി ഒരു പ്രത്യേക ബന്ധമുണ്ട്. മറ്റു മാസങ്ങളിൽ തഹജ്ജുദ് നാം നമസ്ക്കരിക്കുന്നുവെങ്കിലും, റമദാൻ മാസത്തിന് തഹ്ജ്ജുദ് നമസ്ക്കാരവുമായി ഒരു പ്രത്യേക ബന്ധമുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ, വ്രതാനുഷ്ഠാനക്കാർക്കെല്ലാം, ഒരു പാത തുറന്നിട്ടിരിക്കുകയാണ്, അതുകൊണ്ട് അവർക്കെല്ലാം തഹജ്ജുദിന്റെ മേഖലയിൽ പ്രവേശിക്കാവുന്നതാണ്. (അതായത് തഹജ്ജുദ് നമസ്ക്കാരങ്ങളിലൂടെ നേടാവുന്ന അനുഗ്രഹങ്ങളിൽ പ്രവേശിക്കാവുന്നതാണ്.) കാരണം ജനങ്ങൾ പ്രത്യേക പ്രയത്നം ആ മാസത്തിൽ നടത്തുന്നു. തഹജ്ജുദ് നമസ്ക്കരിക്കുവാനായി അവർ ഉണരുന്നു. മറ്റ് മാസങ്ങളിൽ അപ്രകാരം ചെയ്യുന്നത് അവർക്ക് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. റമദാൻ മാസത്തിൽ ഇട അത്താഴം കഴിക്കുന്നതിനായി അവർ എഴുന്നേൽക്കുന്നു. ശാരീരിക ആഹാരം കഴിക്കുന്നവർ എന്തുകൊണ്ട് ആത്മീയ ആഹാരവും കഴിക്കാതിരിക്കണം. ആയതിനാൽ, നിങ്ങൾ വിശ്വാസികൾ ഇത്തരം ഒരു സ്വഭാവം വളർത്തിയെടുക്കണം. ഇടയത്താഴത്തിന് മുമ്പ് എഴുന്നേറ്റ് തഹജ്ജുദ് നമസ്ക്കരിക്കുക, എന്നിട്ട് ഇടയത്താഴം കഴിക്കുക. നിങ്ങൾ നിങ്ങളുടെ കുട്ടികളെയും  അപ്രകാരം പഠിപ്പിക്കുക. അവർ കുറഞ്ഞത് രണ്ട് റക്കഅത്തെങ്കിലും നമസ്ക്കരിക്കട്ടെ. അവർ വ്രതാനുഷ്ഠാന പ്രായമെത്തുമ്പോൾ, തഹജ്ജുദ് നമസ്ക്കാരത്തിന്റെ ആവശ്യകത അവരെ ഉണർത്തുവാനും കഴിയും. ഉറക്കച്ചടവിൽ എണീറ്റ് ഇടയത്താഴം കഴിക്കുന്നത്, ശരിയായ രീതിയല്ല. ഇത് റമദാന്റെ മഹത്വത്തിന് ചേർന്നതല്ല. പ്രവാചകൻ (സ) പറഞ്ഞു. യഥാർത്ഥ അനുഗ്രഹങ്ങൾ വിളയുന്നത് തഹജ്ജുദ് നമസ്ക്കാരത്തിലൂടെയാണ്. ജമാഅത്തുൽസ്സഹീഹിൽ ഇസ്ലാമിലെ എന്റെ അനുചരവൃന്ദം, അവരിലും അവരുടെ കുട്ടികളിലും തഹജ്ജുദ് നമസ്ക്കാരത്തിനായി എഴുന്നേൽക്കുന്ന സ്വഭാവം വളർത്തിയെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉപദേശം മുതിർന്നവർക്കും മുസ്ലീം ലോകത്തിനും പ്രായോഗികമാക്കാവുന്നതാണ്. തഹജ്ജുദ് നമസ്ക്കാരം ആദ്യം നിർവ്വഹിക്കാതെ, ഇടയത്താഴം കഴിക്കുവാൻ ഒരു മുസ്ലീമിന് എങ്ങനെയാണ് കഴിയുന്നത് ? ഇത് സങ്കൽപ്പിക്കുവാൻ കൂടി കഴിയുന്ന കാര്യമല്ല, എന്നാൽ ഇത്തരം ആളുകൾ ഉണ്ട് എന്നത് സത്യമാണ്. ആയതിനാൽ എല്ലാവരോടുമുള്ള എന്റെ ഉപദേശം ഇതാണ്, അവർ വൃദ്ധരാകട്ടെ, ചെറുപ്പക്കാരകട്ടെ, അവർ തഹജ്ജുദ് നമസ്ക്കാരത്തിനായി ഉണരേണ്ടതാണ്. അൽപസമയം അവശേഷിച്ചിട്ടുണ്ടെങ്കിൽ അവർ ഖുർആൻ പാരായണം ചെയ്യുന്ന ശീലവും വളർത്തിയെടുക്കേണ്ടതാണ്. അതിനുശേഷമാണ് ഇടയത്താഴം കഴിക്കേണ്ടത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിങ്ങൾ ചിന്തിച്ചാൽ രാവിൽ നിങ്ങൾ ആരാധനയിൽ മുഴുകുന്നതാണ് ! നിങ്ങൾ അൽപം മാത്രമെ ഉറങ്ങുകയുള്ളൂ. നിങ്ങൾ അല്ലാഹുവിനോട് വളരെ കൂടുതൽ പ്രാർത്ഥിക്കുന്നതാണ്, ഇടയത്താഴം കഴിക്കുവാൻ അൽപസമയം മാത്രമേ ചെലവഴിക്കുകയുള്ളൂ. പരമാവധി സമയം തഹജ്ജുദ് നമസ്ക്കാരത്തിനും ഖുർആൻ പാരായണത്തിനും ചെലവഴിക്കുന്നതാണ്. ഈ പ്രത്യേക ചര്യ, നാം പ്രവർത്തിപഥത്തിൽ കൊണ്ടു വരേണ്ടതാണ്. ഈ കാലഘട്ടത്തിലും ഇത് നാം സംരക്ഷിക്കേണ്ടതുമാണ്.

അഹ്മദ് ഇബ്നു ഹമ്പലിന്റെ ഹദീസ് ഗ്രന്ഥത്തിൽ, അബൂസഈദുൽ ഖുദ്രിയ്യ് (റ) വിവരിച്ച ഒരു ഹദീസുണ്ട്. അദ്ദേഹം പ്രസ്താവിക്കുന്നു. പ്രവാചകൻ (സ) പറയുന്നതായി കേട്ടു. ഒരുവൻ റമദാൻ മാസത്തിൽ, വ്രതമനുഷ്ഠിച്ചാൽ, റമദാൻ മാസത്തിൽ ആചരിക്കേണ്ടതും പാലിക്കേണ്ടതുമായ കാര്യങ്ങൾ പൂർത്തീകരിച്ചാൽ, ഉപേക്ഷിക്കേണ്ടതും വർജ്ജിക്കേണ്ടതുമായ കാര്യങ്ങളിൽ നിന്നും അകലം പാലിച്ചാൽ, ഇത്തരം വ്രതാനുഷ്ഠാനക്കാരൻ അവന്റെ മുൻകാലങ്ങളിൽ ചെയ്ത എല്ലാവിധ പാപങ്ങളുടെമേലും ഈ വ്രതം ഒരു മറ ഇടുന്നതാണ്. ഇതുകൊണ്ട് അർത്ഥമാക്കുന്നത് തഹജ്ജുദ് നമസ്ക്കാരത്തിലൂടെയും മറ്റു ഇബാദത്തുകളിലൂടെയും ! റമദാൻ മാസം ആവശ്യപ്പെടുന്ന മറ്റിതര പുണ്യപ്രവർത്തികളിലൂടെയും ! ഈ കാര്യങ്ങൾ നിറവേറ്റുമ്പോൾ, ഖുർആനും പ്രവാചക വചനവും നൽകിയിരിക്കുന്ന കൽപനകൾക്ക് പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. അങ്ങനെ വരുമ്പോൾ, അവൻ അനുയോജ്യമായ ദൈവീക സംരക്ഷണത്തിന്റെ കീഴിൽ ആയിരിക്കുന്നതാണ്, വിശിഷ്യാ റമദാൻ മാസത്തിൽ! ഈ പറയപ്പെട്ട കാര്യങ്ങളൊക്കെ ഒരു വ്രതാനുഷ്ഠാനക്കാരൻ നിറവേറ്റിയാൽ, അവന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം മാപ്പാക്കപ്പെടുന്നതാണ്.

ബുഖാരിയിൽ, കിതാബുസ്സൗമിൽ, അബൂഹുറൈറ (റ) വിവരിക്കുന്നു. മുഹമ്മദ് (സ) പറഞ്ഞു. റമദാൻ സമാഗതമാകുമ്പോൾ, സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടും, നരകത്തിന്റെ വാതിലുകൾ അടയ്ക്കപ്പെടും. പിശാച് ബന്ധനസ്ഥനാക്കപ്പെടും. ഈ ഹദീസിനെ സംബന്ധിച്ച്, ഞാൻ ഇവിടെ നൽകപ്പെടുന്ന വിശദീകരണത്തിലൂടെ, ഈ ഹദീസിലെ വാക്കുകൾ സംബന്ധമായുള്ള, എല്ലാ വിഭാഗം ആളുകളുടെയും, തെറ്റിദ്ധാരണകൾ തുരത്തപ്പെടുന്നതാണ്. ഈ ലോകത്ത് റമദാൻ മാസത്തിൽ, തെറ്റുകളും പാപങ്ങളും ചെയ്യുന്നവരെല്ലാം റമദാൻ മാസത്തിൽ നരകത്തിൽ നിന്നും സുരക്ഷിതരായിരിക്കുമെന്ന്, ഇതിന് അർത്ഥം ഇല്ലേയില്ല.! റമദാൻ മാസത്തിന് സാക്ഷ്യം വഹിക്കുന്നവരെല്ലാം, വിശ്വാസികളാകട്ടെ, അവിശ്വാസികളട്ടെ, അവർക്കെല്ലാം സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുകയാണ് എന്ന് ഈ വാക്കുകൾക്ക് അർത്ഥം ഇല്ലേയില്ല! സത്യം ഇതാണ്. ഒരു വിശ്വാസി അവൻ തനിക്ക് ഈമാനുണ്ട് എന്ന് പറയുകയും, റമദാൻ മാസത്തിൽ, ഈ മാസത്തിന് യോജിക്കാത്ത പ്രവർത്തികൾ ചെയ്യുകയുമാണെങ്കിൽ, റമദാന്റെ സത്തയ്ക്ക് വിരുദ്ധമായി മനപൂർവ്വം പ്രവർത്തിക്കുകയാണെങ്കിൽ, റമദാനിൽ മാത്രമല്ല മറ്റു മാസങ്ങളിലും, അത്തരം വ്യക്തികൾക്ക് നരകത്തിന്റെ വാതിൽ വിശാലമായി തുറന്നു വച്ചിട്ടുണ്ടാകും. തീർച്ചയായും ഈ ഹദീസിന്റെ ഉള്ളടക്കം ഒരു സത്യവിശ്വാസിക്ക് സന്തോഷ വാർത്ത തന്നെയാണ്. അവൻ അല്ലാഹുവിന്റെ അനുസരണ വൃത്തത്തിലായിരിക്കും. മുഹമ്മദ് (സ) യുടെയും വിശുദ്ധ ഖുർആന്റെയും അനുസരണ വൃത്തത്തിൻ കീഴിലായിരിക്കും. അല്ലാഹുവിനെയും അവന്റെ ദൂതനേയും അനുസരിക്കുക എന്ന് വിശുദ്ധ ഖുർആൻ പറയുമ്പോൾ ഈ രണ്ട് പേരുകളും ഒരേ കാര്യത്തിനുള്ളതാകുന്നു. ഈ കൽപന പ്രത്യേകമായി പുറപ്പെടുവിച്ചിരിക്കുന്നത്, നിങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. വിശുദ്ധഖുർആനിൽ ഒരു അധ്യാപനം നിങ്ങൾ നേരിട്ട് കാണാത്ത സന്ദർഭങ്ങളിൽ, അതിന്റെ ഉത്തരം പ്രവാചകൻ (സ) യുടെ വചനങ്ങളിൽ നിന്ന് ലഭ്യമാകുന്നതാണ്. അപ്പോൾ നിങ്ങൾ മനസ്സിലാക്കണം, നിങ്ങൾ ആ അധ്യാപനം അനുസരിക്കണമെന്ന് ! (അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരിക്കുക) നബികരീം (സ) മുൻകൂട്ടിയുള്ള അല്ലാഹുവിന്റെ അനുവാദമില്ലാതെ ഒരു കാര്യവും പറഞ്ഞിട്ടില്ല. ആയതിനാൽ നിങ്ങൾ അദ്ദേഹത്തെ അനുസരിക്കണം. അപ്പോൾ, അത്, അല്ലാഹുവിനെ അനുസരിക്കുന്നതിന് തുല്യമാണ്. ഈ രീതിയിൽ, സത്ത, ഉൾക്കൊണ്ടു തന്നെയാണ് ഖുർആൻ ഓരോ പ്രാവശ്യവും പറയുന്നത് **"അല്ലാഹുവിനെ അനുസരിക്കുക; അവന്റെ ദൂതനെ അനുസരിക്കുക"** ഈ രണ്ട് അനുസരണവും ഒന്നു തന്നെയാണ് അല്ലാഹുവിനെ അനുസരിക്കാതെ പ്രവാചകനെ അനുസരിക്കുകയാണെങ്കിൽ, അപ്പോൾ ഈ അനുസരണം, ബുദ്ധിപരമല്ലാത്ത അനുസരണമാണ്. ഇതിന്റെ കാരണം പ്രവാചകൻ (സ) യാണ് അല്ലാഹുവിനെ എങ്ങനെയാണ് അനുസരിക്കേണ്ടതെന്ന് ഏറ്റവും നന്നായി മനസ്സിലാക്കിയിട്ടുള്ളത്. (ഇത് ഏറ്റവും നല്ല നിലയിൽ പരിചയിച്ചിട്ടുള്ളത് അദ്ദേഹമാണ്) അദ്ദേഹത്തിനെക്കാൾ നന്നായി അറിയുന്ന മറ്റൊരാളുമില്ല. അങ്ങനെ, ആ സന്ദർഭത്തിൽ, സ്വർഗ്ഗീയ വാതിലുകൾ തുറക്കപ്പെടുന്നത്, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നതിൽ, തങ്ങളുടെ സമയം ചെലവഴിച്ചവർക്കാണ്. അനുഗ്രഹീത റമദാൻ മാസത്തിലെ, വരങ്ങൾ ലഭിക്കുന്നതിനായി, വാതിലുകൾ തുറക്കപ്പെട്ടെങ്കിലും, അവരതിൽ നിന്ന് മുഖം തിരിക്കുകയും, അതിൽ ആവശ്യപ്പെട്ടതൊക്കെ നിരസിക്കുകയും ചെയ്തവർക്ക് ആ വാതിലുകൾ തുറക്കപ്പെടുന്നതല്ല. അവരുടെ മുൻപിൽ നരകത്തിന്റെ വാതിൽ മലർക്കെ തുറക്കപ്പെടുന്നതാണ്. യഥാർത്ഥത്തിൽ ഈ ഹദീസിന്റെ വാക്കുകൾ, പ്രവാചകൻ (സ) യുടെ സമുദായത്തിന് സന്തോഷ വാർത്തയാണ്. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവർ ആരോ അവർക്ക് ! അവരുടെ മുൻപിൽ നരകത്തിന്റെ വാതിൽ അടഞ്ഞു തന്നെ കിടക്കും.

ഇപ്പോൾ ചോദിക്കാവുന്ന ഒരു ചോദ്യം, റമദാൻ മാസത്തിനു ശേഷം നരകത്തിന്റെ വാതിലുകൾ ആർക്കു വേണ്ടിയാണ് തുറക്കപ്പെടുന്നത് ? റമദാൻ മാസത്തിൽ മാത്രമേ നരകത്തിന്റെ വാതിലുകൾ അടയ്ക്കുകയുള്ളോ ? ഇത് രണ്ടുമല്ല സംഭവിക്കുന്നത്. ഇതുകൊണ്ട് അർത്ഥമാക്കുന്നത്, റമദാൻ അനേകം നല്ല പ്രവർത്തനങ്ങളുടെ സന്ദേശവും കൊണ്ടാണ് വരുന്നത്. അവർക്ക് വേണ്ടി അനേകം നന്മയുടെ സന്ദേശവുമായാണ് വരുന്നത്, തഖ്‌വയുടെ അനേകം പാഠങ്ങൾ റമദാൻ അവർക്കു നൽകുന്നു. ഇത്തരം നല്ല പ്രവർത്തനങ്ങളുമായി കഴിയുന്നവരെ നരകത്തിന്റെ വാതിലിലേക്ക് നയിക്കുക എന്നത് അസാധ്യമാണ്. എന്നാൽ സാധാരണ ദിവസങ്ങളിൽ, (റമദാന് മുമ്പ്) സാധാരണയായി ജനങ്ങൾ ഇത്തരം നന്മകൾ ചെയ്യുന്നതിനെ അവഗണിക്കുന്നു.

ഈ സന്ദേശങ്ങൾക്ക് അവർ അത്രത്തോളം പ്രാധാന്യം കൊടുക്കുന്നുമില്ല. മറ്റു മാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റമദാൻ മാസത്തിന് തീർച്ചയായും ചില പ്രത്യേകതകളുണ്ട്. ഈ മാസത്തിന് ജനങ്ങളെ നന്മ ചെയ്യിക്കുവാനും, തിന്മയിൽ നിന്ന് അകന്നു നിൽക്കുവാനുമുള്ള പ്രചോദനം നൽകുവാനുമുള്ള ശക്തിയുണ്ട്. അതുകൊണ്ടാണ് റമദാൻ മാസം വിശ്വാസികൾക്ക് ഏറ്റവും നല്ല മാസമായി മാറുന്നത്. പൈശാചിക പ്രേരണയിൽ നിന്ന് സംരക്ഷിക്കപ്പെട്ടമാസമാണ് റമദാൻ. ഒരു യഥാർത്ഥ വിശ്വാസിക്ക് റമദാൻ മാസത്തിൽ ഒരപകടവുമില്ല; കാരണം അവന്റെ ഓരോ നിമിഷവും റമദാന്റെ അനുഗ്രഹ പേമാരി അവനിൽ വർഷിച്ചുകൊണ്ടിരിക്കും; എല്ലാ തിന്മകളിൽ നിന്നും അകന്ന് പരിശുദ്ധിയിലായിരിക്കും.

ആയതിനാൽ നാം, ഈ അർത്ഥത്തിലാണ് ഈ ഹദീസിനെ നോക്കികാണേണ്ടത്. യഥാർത്ഥ വിശ്വാസികൾക്കാണ് ഈ നന്മകളെല്ലാം തുറക്കപ്പെട്ടത്. അവർക്കായാണ് സ്വർഗ്ഗ വാതിലുകൾ വിശാലമായി തുറക്കപ്പെട്ടത്. ഇത്തരത്തിലുള്ള വിശ്വാസികളുടെ മുമ്പിലാണ് നരക വാതിലുകൾ എല്ലാം അടയ്ക്കപ്പെട്ടിരിക്കുന്നത്. സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടുകയും, സാത്താനെ ചങ്ങലയ്ക്കിടപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യം തന്നെ ! നാം എപ്പോഴും ഓർത്തിരിക്കേണ്ടതുമാണ്. റമദാന്റെ പ്രാധാന്യം നല്ല നിലയിൽ മനസ്സിലാക്കുവാൻ അല്ലാഹു (ത) സഹായിക്കട്ടെ ! പരിശുദ്ധമാസത്തിന്റെ പവിത്രത ഉൾക്കൊണ്ട് പ്രയോജനങ്ങൾ നേടുവാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*